## കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്.
**(ഹാജർ:- സി.പി.പത്മരാജ് )**

വിഷയം:- പൊതുവിദ്യാഭ്യാസം- പ്രൈമറി അദ്ധ്യാപകരുടെ അന്തർജില്ലാസ്ഥലം മാറ്റം (സഹതാപർഹം) 2015-16-ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: 1)പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.01.2016 തീയ്യതിയിലെ എ1/25000/2015/ ഡിപിഐ നം.ഉത്തരവ്.
2)ഈ ഓഫീസിലെ 17.6.16 തീയ്യതിയിലെ എ4/2520/16 നം.ഉത്തരവ് .

***********

ഉത്തരവ് നം: എ4/2520/16/തീയതി 22/9/2016

2015-16 വർഷത്തെ സഹതാപർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലം മാറ്റത്തിന് അർഹരായ അദ്ധ്യാപകരുടെ സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പട്ടികയിൽ നിന്നും പരാമർശം (1) പ്രകാരം രണ്ട് പേർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ജില്ലയിലെ 2015-16 വർഷത്തെ പുതുക്കിയ തസ്തിക നിർണ്ണയം മുഖേന ഉണ്ടായ ഒഴിവുകൾ പരിഗണിച്ച് പ്രസ്തുത പട്ടികയിലെ പ്രൈമറി സ്ക്കൂൾ അദ്ധ്യാപകരെ ഇതോടൊപ്പമുള്ള അനുബന്ധത്തിൽ സൂചിപ്പിച്ച പ്രകാരം കണ്ണൂർ ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകി ഉടൻ പ്രാബല്യത്തോടെ ഇതിനാൽ ഉത്തരവാകുന്നു.

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

സ്ഥലം മാറ്റപ്പെട്ട അദ്ധ്യാപകർ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് പ്രസ്തുത തസ്തികയിൽ നിലവിലുള്ള ജൂനിയറേക്കാൾ ജൂനിയറായി കണക്കാക്കപ്പെടുന്നതായിരിക്കും. ഇതു സംബന്ധിച്ച് ഒരു ഡിക്ലറേഷൻ അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പായി ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകൻ എഴുതി വാങ്ങി സ്ഥലം മാറ്റപ്പെടുന്ന അദ്ധ്യാപകരുടെ സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.

മേൽ അദ്ധ്യാപകർ നിശ്ചിത തീയ്യതിക്കകം ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ സ്ഥലം മാറ്റത്തിന് സമർപ്പിച്ച വിവരങ്ങളിൽ എന്തെങ്കിലും അപാകത കാണുകയോ ചെയ്യുന്ന പക്ഷം മറ്റൊരു മുന്നറിയിപ്പ് കൂടാതെ സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതായിരിക്കും.

മേൽ അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ച വിവരം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൂടാതെ ടി അദ്ധ്യാപകർ ഈ ജില്ലയിൽ തുടർച്ചയായ രണ്ട് വർഷത്തെ സേവനത്തിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.

22/9/16

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല
വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്
കണ്ണൂർ

SL.9.9.16

അനുബന്ധം

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ക്കൂൾ, ജില്ല | സ്ഥലം മാറ്റി നൽകി നിയമിച്ച സ്ക്കൂൾ |
|---|---|---|
| 1 | ശ്രീവിദ്യ.എം.കെ, എൽ.പി.എസ്.എ , ജി. എൽ.പി.എസ്.കൊല്ലംമ്പാടി കാസർഗോഡ് ജില്ല | ഗവ. മിക്സഡ് യു.പി. സ്ക്കൂൾ തളാപ്പ് |
| 2 | ലളിതകുമാരി.കെ, പി.ഡി.ടീച്ചർ, ജി.എം. എൽ.പി.സ്ക്കൂൾ അജാന്നൂർ കാസർഗോഡ് ജില്ല | ജി.യു.പി.എസ്. ചാലാട് |
| 3 | പ്രദീപൻ.സി, പി.ഡി.ടീച്ചർ , ജി.എച്ച്.എസ്. എസ്.കാട്ടിലങ്ങാടി, മലപ്പുറം ജില്ല | ജി.യു.പി.എസ്. ചാലാട് |
| 4 | ശ്രീലത.എം, പി.ഡി.ടീച്ചർ ജി.എം.എൽ.പി.എസ്. ഉതിരംപൊയിൽ മലപ്പുറം ജില്ല | ജി.എൽ.പി.എസ്. കാരയാട് |
| 5 | സജിത് കുമാർ.വി.കെ, പി.ഡി.ടീച്ചർ, ജി.എഫ്.യു.പി.എസ്. ഉദിന്നൂർ കടപ്പുറം, കാസർഗോഡ് ജില്ല | ജി.യു.പി.എസ്. ഉളിയിൽ |
| 6 | മോഹനൻ കറുത്ത വീട്ടിൽ പി.ഡി.ടീച്ചർ, ജി.എൽ.പിഎസ്. മുളളി, പാലക്കാട് ജില്ല | ജി.യു.പി.എസ്. നുച്യാട് |

23/9/16

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല
വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്
കണ്ണൂർ

SL.9.9.16